# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.05.2024**

### പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ആറാം ഘട്ടത്തിൽ 57 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ പശ്ചിമ ബംഗാളിലും കുറവ് ജമ്മുകശ്മീരിലും.

2. പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ജലത്തിൽ അമിത അളവിൽ രാസവസ്തുക്കൾ കണ്ടെത്തിയതായി കുഫോസ് റിപ്പോർട്ട്.

3. കെ.എസ്.ഇ.ബി യിലെ വിവിധ തസ്തികയിലേക്ക് നിയമന തട്ടിപ്പ് നടത്തുന്ന സംഘങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി.

4. സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

5. മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിൻറൺ വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം പി. വി സിന്ധു ഫൈനലിൽ പ്രവേശിച്ചു. ഐ.പി.എൽ ക്രിക്കറ്റിൻറെ ഫൈനലിൽ നാളെ ഹൈദരാബാദ് - കൊൽക്കത്ത പോരാട്ടം.

**************************************

## ആറാം ഘട്ട വോട്ടെടുപ്പ്

ലോക്സഭാ തെരഞ്ഞെടുപ്പിലെ ആറാം ഘട്ട വോട്ടെടുപ്പ് അവസാനിച്ചു. അഞ്ച് മണിവരെ 57.70 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏറ്റവും ഉയർന്ന പോളിംഗ് പശ്ചിമ ബംഗാളിലാണ് 77.99 ശതമാനം. ഏറ്റവും കുറവ് ജമ്മുകശ്മീരിൽ 51.35 ശതമാനം. ബിഹാറിൽ 52.24 ശതമാനവും ഹരിയാനയിൽ 55.93 ശതമാനവും പേർ വോട്ട് രേഖപ്പെടുത്തി. രാജ്യ തലസ്ഥാനമായ ഡൽഹിയിൽ 57.73 ഉം, ജാർഖണ്ഡിൽ 61.41 ഉം, ഒഡീഷയിൽ 59.60 ഉം, ഉത്തർപ്രദേശിൽ 52.02 ഉം ആണ് പോളിംഗ് ശതമാനം.

*************************************

## പ്രമുഖർ - വോട്ട്

ലോക്സഭ തിരഞ്ഞെടുപ്പിലെ ആറാം ഘട്ടത്തിൽ വോട്ട് രേഖപ്പെടുത്തി പ്രമുഖർ. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ തുടങ്ങിയവർ സമ്മതിദാന അവകാശം വിനിയോഗിച്ചു. കേന്ദ്ര മന്ത്രിമാരായ എസ് ജയ്ശങ്കർ, ഹർദീപ് സിങ് പുരി, മുതിർന്ന കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാൾ തുടങ്ങിയവർ വോട്ട് ചെയ്തു. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഹോസ്ഖാസ് എൻക്ലേവിലെ MCD പ്രൈമറി സ്കൂളിൽ വോട്ട് രേഖപ്പെടുത്തി.

RNU TVPM

*************************************

## തിരഞ്ഞെടുപ്പ് കമ്മീഷൻ

പോളിംഗ് ദിവസം രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്കുകൾ സംബന്ധിച്ച വിവരങ്ങളിൽ മാറ്റം വരുത്താൻ

ആർക്കും സാധിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. പോളിംഗ് സ്റ്റേഷനുകളിലെ ഏജൻറുമാരുമായി പങ്കിട്ട കണക്കുകളാണ് കമ്മീഷൻ പുറത്തുവിടുന്നത്. ഈ കണക്കുകൾ ജനങ്ങൾക്ക് Voter turnout app വഴി ലഭ്യമാണെന്ന് കമ്മീഷൻ വ്യക്തമാക്കി.

*************************************

## കൊച്ചി കുഫോസ്

പെരിയാറിലെ ജലത്തിൽ സൾഫൈഡും അമോണിയയും അധിക അളവിൽ അടങ്ങിയിട്ടുണ്ടെന്ന് കുഫോസ് റിപ്പോർട്ട്. പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതു സംബന്ധിച്ച് കൊച്ചി കുഫോസിലെ വിദഗ്ധരടങ്ങിയ സമിതി സമർപ്പിച്ച റിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. ജലത്തിൽ ഈ രാസ വസ്തുക്കൾ എങ്ങനെ എത്തി എന്നത് സംബന്ധിച്ച് കൂടുതൽ പഠനം നടത്തണം. വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറഞ്ഞതാണ് മീനുകൾ ചത്തു പൊങ്ങാൻ ഇടയായത് എന്നതായിരുന്നു മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ പ്രാഥമിക റിപ്പോർട്ട് .

RNU TVPM

*************************************

## കെ കൃഷ്ണൻകുട്ടി

കെ എസ് ഇ ബിയിലെ വിവിധ തസ്തികകളിലേക്ക് നിയമനം വാഗ്ദാനം ചെയ്ത് തട്ടിപ്പുനടത്തുന്ന വ്യാജ സംഘങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി. നവമാധ്യമങ്ങളിൽ ഇത്തരം സംഘങ്ങൾ സജീവമാണെന്നും രജിസ്ട്രേഷൻ ഫീസായി വൻ തുക ഈടാക്കി മുങ്ങുന്നതാണ് ഇവരുടെ ശൈലിയെന്നും മന്ത്രി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. നിരവധി പേർ ഈ

കെണിയിൽ വീണതായായി അറിയാൻ സാധിച്ചതായും ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെയാണ് ഇത്തരക്കാർ വ്യാജപ്രചാരണം നടത്തുന്നതെന്നും ഇവർ കെ എസ് ഇ ബി ലോഗോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*************************************

## അപൂർവ രോഗ ചികിത്സ

സ്പൈനൽ മസ്ക്യുലാർ അട്രോഫി ബാധിച്ച 12 വയസിന് താഴെയുള്ള കുട്ടികൾക്കായുള്ള പ്രത്യേക പദ്ധതിയിൽ അപേക്ഷിച്ച എല്ലാ കുട്ടികൾക്കും സൗജന്യ മരുന്ന് നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇവർക്കുള്ള തുടർ ചികിത്സയും അടുത്ത ഘട്ടങ്ങളിലേക്കുള്ള സൗജന്യ മരുന്നുകളും ഉടൻ നൽകും. മുമ്പ് 6 വയസ് വരെയുള്ള കുട്ടികൾക്ക് മാത്രം നൽകിയിരുന്ന മരുന്ന് അടുത്തിടെയാണ് 12 വയസ് വരെയാക്കിയത്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് അപൂർവ രോഗത്തിനുള്ള മരുന്നുകൾ സർക്കാർ തലത്തിൽ സൗജന്യമായി നൽകാനാരംഭിച്ചത്.

RNUTVPM

*************************************

## എ.ഐ. നോളഡ്ജ് ഹബ് - പി രാജീവ്

15 വർഷത്തിനുള്ളിൽ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബായി കേരളം മാറുമെന്ന് മന്ത്രി പി. രാജീവ്. അധ്യാപകർക്കായി കൈറ്റ് നടത്തുന്ന ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രായോഗിക പരിശീലനം ഇതിന് സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. കൊച്ചിയിൽ കൈറ്റിന്റെ

ഇടപ്പള്ളി റീജിയണൽ സെന്ററിൽ അധ്യാപകർക്കായി നടക്കുന്ന എ.ഐ. പരിശീലന ക്യാമ്പ് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

*************************************

**കേരളം - മഴ**

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റും മോശം കാലാവസ്ഥയും തുടരുന്നതിനാൽ കേരളതീരത്ത് മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത തുടരണം. അതേസമയം ബംഗാൾ ഉൾക്കടലിൽ ഇന്ന് ന്യൂനമർദം ശക്തിപ്രാപിക്കാൻ സാധ്യതയുള്ളതിനാൽ കേരള, ആൻഡമാൻ നിക്കോബർ ദ്വീപ്, കൊങ്കൺ, ഗോവ, വിദർബ എന്നിവിടങ്ങളിൽ അടുത്ത രണ്ടു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

*************************************

**തിരമാല ജാഗ്രത**

കേരള - തെക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തീരദേശവാസികൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

*************************************

## പൊഴിയൂർ - ഇൻട്രോ

തിരുവനന്തപുരത്ത് പൊഴിയൂരിൽ ഉണ്ടായ കടൽക്ഷോഭത്തിൽ വ്യാപക നാശ നഷ്ടം. കടലാക്രമണത്തെ തുടർന്ന് പ്രദേശത്തെ നിരവധി വീടുകൾ അപകട ഭീഷണിയിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

(വോയ്സ്)

***********************************

## മഴക്കെടുതി - ക്യാമ്പ് - തിരുവനന്തപുരം

ശക്തമായ മഴയെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ 1.82 കോടി രൂപയുടെ കൃഷിനാശം. 66.89 ഹെക്ടർ കൃഷിഭൂമിയിൽ മഴ നാശം വിതച്ചു. ഇതോടെ മെയ് മാസം മാത്രം ഉണ്ടായ ആകെ കൃഷിനാശം 13 കോടി പിന്നിട്ടു.

RNU TVPM

***********************************

## റെമൽ ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപപ്പെടുന്ന റെമൽ ചുഴലിക്കാറ്റ് തീവ്ര ചുഴലിക്കാറ്റായി നാളെ പശ്ചിമ ബംഗാൾ, ബംഗ്ലാദേശ് തീരങ്ങളിൽ പതിക്കുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ന്യൂനമർദം പശ്ചിമ ബംഗാളിലെ സൗത്ത് 24 പർഗാനാസ് ജില്ലയിലെ സാഗർദ്വീപിൽ നിന്ന് 660 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്.

***********************************

## ഇ - സേവാ കേന്ദ്രം ഇടുക്കി - ഇൻട്രോ

സുപ്രീം കോടതി നിർദ്ദേശ പ്രകാരം ആരംഭിച്ച മൊബൈൽ ഇ - സേവാ കേന്ദ്രം ഇടുക്കിയിൽ പ്രവർത്തനം തുടങ്ങി. കോടതി ജനങ്ങളിലേക്ക് എന്ന ലക്ഷ്യത്തോടെ രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയ്സ്)

***********************************

## മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിൻറൺ

കോലാലംപൂരിൽ നടക്കുന്ന മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിൻറൺ വനിതാ സിംഗിൾസ് സെമിഫൈനലിൽ തായ് ലൻറ് താരത്തെ പരാജയപ്പെടുത്തി ഇന്ത്യൻ താരം പി വി സിന്ധു ഫൈനലിൽ കടന്നു. ഫൈനലിൽ ചൈനീസ് താരത്തെയാണ് സിന്ധു നേരിടുന്നത്.

RNU TVPM

***********************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൻറെ ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദ് നാളെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30ന് ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************************

***********************************

*********************